**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4833** **01-11-2021 - ൽ മറുപടിയ്ക്ക്**

**ഫുഡ് ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. പി. ബാലചന്ദ്രൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ പരമ്പരാഗത രുചിക്കൂട്ടുകൾ വിദേശികൾക്കും സ്വദേശികൾക്കും ആസ്വദിക്കാൻ സൗകര്യമൊരുക്കുന്ന ഫുഡ് ടൂറിസം ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ; | (എ) | ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന നടപ്പിലാക്കുന്ന "എക്സ്പീരിയൻസ് എത്തിക്/ ലോക്കൽ ക്യുസീൻ നെറ്റ്‌വർക്ക്" എന്ന പദ്ധതി കേരളത്തിന്റെ തനത് വിഭവങ്ങൾ സഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്ന തിനോടൊപ്പം തന്നെ സാധാരണക്കാരായ വീട്ടമ്മമാരെ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് വരുമാനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ്. പദ്ധതിയുടെ ഭാഗമായി അപേക്ഷ നൽകിയവർക്ക് പരിശീലനം നൽകി ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റായി രജിസ്റ്റർ ചെയ്ത്, ഓൺലൈൻ പ്ലാറ്റ്ഫോമിൽ എന്റർ ചെയ്യുന്നു. |
| (ബി) | ഈ പദ്ധതി കേരളത്തിലെ ജീവിതരീതിയ്ക്ക് അനുയോജ്യമായ വിധത്തിൽ സന്നദ്ധരായ കുടുംബങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് നടപ്പിലാക്കുന്നതിന് തയ്യാറാക്കുമോ; വിശദമാക്കുമോ; | (ബി) | എക്സ്പീരിയൻസ് എത്തിക് ക്യുസീൻ പദ്ധതി പ്രധാനമായും നടപ്പിലാക്കുന്നത് കേരളത്തിലെ സാധാരണക്കാരുടെ വീടുകളിലാണ്. സഞ്ചാരികൾക്ക് പ്രാദേശിക വീടുകളിൽ തനതു പ്രാദേശിക ഭക്ഷണം നൽകുക എന്നതിനൊപ്പം സാധാരണക്കാരായ വീട്ടമ്മമാർക്ക് അധിക വരുമാനം ലഭ്യമാക്കുക എന്നതും പദ്ധതിയുടെ ഒരു പ്രധാന ലക്ഷ്യമാണ്. |
| (സി) | പ്രസ്തുത പദ്ധതിയിൽ കുടുംബശ്രീ പോലുള്ള വനിതാസംഘങ്ങളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (സി) | താൽപ്പര്യമുള്ള കുടുംബശ്രീ യൂണിറ്റുകൾ പോലുള്ള വനിതാ സംഘങ്ങൾക്കും പദ്ധതിയുടെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. |
| (ഡി) | സംസ്ഥാനത്തെ തനത് ഭക്ഷണരീതികളുടെ വൈവിധ്യവും ഗുണമേന്മയും വിനോദസഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (ഡി) | നമ്മുടെ സംസ്ഥാനത്തിന്റെ തനതു ഭക്ഷണ രീതികളും പ്രാദേശിക വിഭവങ്ങളും സഞ്ചാരികൾക്ക് പരിചയ പ്പെടുത്തുന്നതിനോടൊപ്പം തന്നെ സാധാരണക്കാരായ വീട്ടമ്മമാരെ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് വരുമാനം ലഭ്യമാക്കുക |

| | | | |
|---|---|---|---|
| | | | എന്ന ലക്ഷ്യത്തോടെ ഉത്തരവാദിത്ത ടൂറിസം മിഷനിലൂടെ ''എക്സ്പീരിയൻസ് എത്തിക്/ ലോക്കൽ ക്യുസീൻ നെറ്റ്‌വർക്ക്'' എന്ന പദ്ധതി ആരംഭിച്ചു നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ